പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :4872

26.06.2019-ൽ
മറുപടിയ്ക്ക്

## സാങ്കേതിക വിദ്യാലയങ്ങളിൽ (ടെക്നിക്കൽ സ്കൂൾ) കുട്ടികളുടെ കുറവ്

*ചോദ്യം*

ശ്രീ.ഇ.കെ.വിജയൻ

*ഉത്തരം*

ഡോ.കെ.ടി. ജലീൽ

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി

| | | | |
|---|---|---|---|
| (എ) | പൊതു വിദ്യാലയങ്ങളിൽ കുട്ടികൾ ചേരുന്നത് വർധിക്കുകയും എന്നാൽ സാങ്കേതിക വിദ്യാലയത്തിൽ കുട്ടികൾ ചേരുന്നത് ഗണ്യമായി കുറഞ്ഞുവരുന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;എങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മിക്കവാറും എല്ലാ ടെക്നിക്കൽ ഹൈസ്കൂളുകളിലും പ്രവേശന പരീക്ഷ നടത്തിയാണ് അഡ്മിഷൻ നൽകുന്നത്. വിപുലമായ പ്രചരണ പ്രവർത്തനങ്ങളിലൂടെ ടെക്നിക്കൽ ഹൈസ്കൂളുകളുടെ പ്രവർത്തനരീതി പൊതു ജനങ്ങളിലെത്തിക്കാൻ സ്കൂൾ തലത്തിൽ നടപടിയെടുത്തിയിട്ടുണ്ട്. ടെക്നിക്കൽ ഹൈസ്കൂളുകളിലെല്ലാം തന്നെ റോബോട്ടിക് ലാബുകൾ സ്ഥാപിച്ച് പ്രവർത്തിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ആധുനിക സാങ്കേതിക വിദ്യകൾ പരിചയപ്പെടാൻ വിദ്യാർത്ഥികൾക്ക് അവസരമൊരുക്കുന്നതുവഴി കൂടുതൽ കുട്ടികളെ ടെക്നിക്കൽ ഹൈസ്കൂളുകളിൽ എത്തിക്കാമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ടെക്നിക്കൽ സ്കൂൾ മേഖലയിൽ 2013-ൽ നടപ്പിലാക്കിയിട്ടുള്ള പരിഷ്കരണമാണ് പ്രസ്തുത | (ബി) | ഇത് സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| | പ്രതിസന്ധിക്ക് കാരണമായതെന്ന് വിലയിരുത്തിയിട്ടുണ്ടോ; | | |
| (സി) | സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷം സാങ്കേതിക വിദ്യാലയങ്ങളിൽ ചേർന്ന കുട്ടികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (സി) | സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷം സാങ്കേതിക വിദ്യാലയങ്ങളിൽ (THS) ചേർന്ന കുട്ടികളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.<br>**ജില്ല** — **കുട്ടികളുടെ എണ്ണം**<br>തിരുവനന്തപുരം 236<br>കൊല്ലം 83<br>ആലപ്പുഴ 213<br>കോട്ടയം 240<br>ഇടുക്കി 164<br>എറണാകുളം 172<br>തൃശ്ശൂർ 221<br>പാലക്കാട് 352<br>മലപ്പുറം 331<br>കോഴിക്കോട് 232<br>വയനാട് 167<br>കണ്ണൂർ 163<br>കാസർഗോഡ് 93 |
| (ഡി) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ സമ്പ്രദായം ഒരു ഡയറക്ടറേറ്റിൻ കീഴിലാക്കിയ സാഹചര്യത്തിൽ പ്രസ്തുത സ്കൂളുകൾ ഇതിന്റെ കീഴിലാക്കി മാറ്റുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ? | (ഡി) | പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറേറ്റ്, വൊക്കേഷണൽ വിദ്യാഭ്യാസ ഡയക്ടറേറ്റ് എന്നീ മൂന്ന് ഡയറക്ടറേറ്റുകൾ യോജിപ്പിച്ചാണ് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ |

| | | | |
|---|---|---|---|
| | | | രൂപീകരിച്ചിട്ടുള്ളത് ടെക്നിക്കൽ സ്കൂൾ നിലവിൽ പരിഗണിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ